പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5903 28.03.2018-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതി


**ചോദ്യം**

**ശ്രീ.എ.പി.അനിൽ കുമാർ**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)


<table>
<tr><td>(എ)</td><td>സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ. ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">സർക്കാർ ആശുപത്രികളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ ആശുപത്രികളുടെയും പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><th>ക്രമ നമ്പർ</th><th>ആശുപത്രി</th><th>സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ</th></tr>
<tr><td>1</td><td>മലബാർ കാൻസർ സെന്റർ, കണ്ണൂർ</td><td>ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്</td></tr>
<tr><td>2</td><td>ജില്ലാ ആശുപത്രി, കണ്ണൂർ</td><td>ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്</td></tr>
<tr><td>3</td><td>കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം</td><td>ഇൻകൽ ലിമിറ്റഡ്</td></tr>
<tr><td>4</td><td>ജനറൽ ആശുപത്രി, എറണാകുളം</td><td>ഇൻകൽ ലിമിറ്റഡ്</td></tr>
<tr><td>5</td><td>താലൂക്ക് ആശുപത്രി, പുനലൂർ</td><td>ഇൻകൽ ലിമിറ്റഡ്</td></tr>
<tr><td>6</td><td>മെഡിക്കൽ കോളേജ്, എറണാകുളം</td><td>ഇൻകൽ ലിമിറ്റഡ്</td></tr>
<tr><td>7</td><td>താലൂക്ക് ആശുപത്രി, ചെട്ടിക്കാട്</td><td>M/s ഹൈറ്റ്സ് ലിമിറ്റഡ്</td></tr>
<tr><td>8</td><td>താലൂക്ക് ആശുപത്രി നെടുങ്കണ്ടത്തെ ജില്ലാ ആശുപത്രിയായി ഉയർത്തൽ</td><td>M/s ഹൈറ്റ്സ് ലിമിറ്റഡ്</td></tr>
<tr><td>9</td><td>കാത്ത് ലാബ് & ഡയാലിസിസ് സെന്റർ</td><td>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ.</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഏതൊക്കെ സ്ഥാപനങ്ങളെയാണ് പദ്ധതി നിർവ്വഹണ ചുമതല ഏല്പിച്ചിട്ടുള്ളത്;</td></tr>
<tr><td>(സി)</td><td>ആരോഗ്യമേഖലയിൽ കോടികൾ മുടക്കിയിട്ടും സാധാരണക്കാർക്ക് ആരോഗ്യ സേവനങ്ങൾ</td><td>(സി)</td><td>ആരോഗ്യ മേഖല ഉൾപ്പെടെയുള്ള സേവന രംഗത്ത് സ്ഥിരം ആസ്തികൾ ഉണ്ടാക്കിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് ഏറ്റവും കൂടുതൽ തുക ആവശ്യമായി വരുന്നത്. ലക്ഷ്യമിട്ട പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നതിനുള്ള</td></tr>
</table>

| | | | |
|---|---|---|---|
| | പൂർണ്ണതോതിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനികവൽക്കരണം ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾക്ക് കാരണമാകുമെന്ന് വെളിപ്പെടുത്തുമോ? | | കാലതാമസവും മറ്റ് സങ്കീർണ്ണതകളും ഒഴിവാക്കി ദീർഘകാല ലക്ഷ്യത്തോടെ സ്ഥിരം ആസ്തികൾ വർദ്ധിപ്പിക്കുന്നതിനും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ പുതിയ ആസ്തി വികസനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഹ്രസ്വകാല വായ്പകളിലൂടെ പൊതു കടപ്പത്രത്തിന്റേയും റവന്യൂ ബോണ്ടിന്റേയും അടിസ്ഥാനത്തിൽ പകരം നിക്ഷേപ പത്രം പദ്ധതി എന്ന നിലയിൽ Infrastructure Investment Trust, Infrastructure Debt Fund തുടങ്ങിയവയിലൂടെ ധനസമാഹരണം നടത്തുന്ന ഒരു സ്ഥാപന ചട്ടക്കൂട് എന്ന നിലയിൽ കിഫ്ബി പ്രവർത്തിക്കുകയും കിഫ്ബിയുടെ സേവനം ആവശ്യമുള്ള വകുപ്പുകൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി പ്രോജക്ട് മാനേജ്മെന്റ് കമ്പനികളെ തിരഞ്ഞെടുത്തു കൊണ്ടും നിലവിലെ നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി ആസ്തിവികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വർദ്ധിച്ച തോതിലുള്ള സാമ്പത്തിക വിനിയോഗം ബജറ്റ് വിഹിതത്തിലൂടെ മാത്രം ക്ഷിപ്രസാദ്ധ്യമല്ലാത്തതിനാൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനികവൽക്കരണം ആരോഗ്യ മേഖലയിൽ സമഗ്ര മാറ്റത്തിനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് നിശ്ചയമായും ആക്കം കൂട്ടുന്നതാണ്. പത്തോ ഇരുപതോ വർഷങ്ങൾക്കുശേഷം ചെലവഴിക്കേണ്ടിവരുന്ന തുകയുടെ പകുതിയിലേറെ താഴെ പണം ചെലവഴിച്ച് അടിസ്ഥാനവികസനം സാധ്യമാകുന്നതിലൂടെ വികേന്ദ്രീകൃതമായി നിശ്ചിത മാനദണ്ഡത്തോടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**